**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 292** **16-09-2025 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് വലിയവെളിച്ചത്ത് സർക്കാർ അനുവദിച്ച ഒരു ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | കണ്ണൂർ ലാബിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുള്ളതും, നിലവിൽ പൊതു മരാമത്ത് വകുപ്പിന്റെ പക്കൽ ടി പദ്ധതിക്കായി ശേഷിക്കുന്ന 204.33 ലക്ഷം രൂപ ഉപയോഗപ്പെടുത്തി ഗ്രൗണ്ട് ഫ്ളോറിന്റെ നിർമ്മാണം പൂർത്തിയാകുന്നതുമാണ്. ശേഷിക്കുന്ന പ്രവൃത്തികൾക്കായി DSR 2021 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ലബോറട്ടറിയുടെ നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | മറുപടി (എ) പിരിവായി ചേർത്തിരിക്കുന്നു. |
| (സി) | 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറിക്ക് രണ്ട് കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കൂടി ഉപയോഗപ്പെടുത്തി ലബോറട്ടറി പൂർണ്ണ തോതിൽ യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുത്തുപറമ്പ് റീജിയണൽ അനലിറ്റിക്കൽ ആന്റ് റിസർച്ച് ലബോറട്ടറിക്ക് രണ്ട് കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ DSR 2021 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും സമർപ്പിക്കേണ്ടിയിരുന്നതിനാൽ ഭരണാനുമതി ലഭ്യമായിരുന്നില്ല. 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി രണ്ട് കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. ടി തുക കൂടി വിനിയോഗിച്ച് ലബോറട്ടറിയുടെ തുടർ നിർമ്മാണം നടപ്പാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ